പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4417

27.06.2013 ൽ മറുപടിക്ക്

**<u>പാചക വാതക സബ്സിഡി ബാങ്ക് മുഖാന്തിരം</u>**

**ചോദ്യം**

ശ്രീ സി.പി. മുഹമ്മദ്:
„ പാലോട് രവി:
„: കെ. മുരളീധരൻ:
„ കെ. അച്ചുതൻ:

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) പാചക വാതക സിലിണ്ടറിന്റെ കേന്ദ്ര സബ്സിഡി ബാങ്ക് മുഖാന്തിരം നൽകുന്ന സംവിധാനം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(എ) ഉണ്ട്;

(ബി) ആധാർ കാർഡ് നമ്പർ ഉള്ളവർക്കു മാത്രം പ്രസ്തുത സംവിധാനം വഴി സബ്സിഡി വിതരണം ചെയ്താൽ ആധാർ കാർഡ് ഇനിയും ലഭിക്കാത്ത പാചക വാതക ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധാർ കാർഡ് ഇതുവരെയും ലഭിച്ചിട്ടില്ലാത്തവർക്ക് അത് ലഭിക്കുവാനുള്ള അപേക്ഷ നല്കുന്നതിന് 31.08.2013 വരെ സമയം അനുവദിച്ചിട്ടുള്ളതായി എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ഈ അവസ്ഥ പരിഗണിച്ച് ആധാർ കാർഡിന് അപേക്ഷിക്കുമ്പോൾ ലഭിക്കുന്ന രശീതി നമ്പർ താല്ക്കാലികമായി പരിഗണിച്ച് സബ്സിഡി നൽകുവാനും ഇവർക്ക് മൂന്നു മാസത്തിനുള്ളിൽ ആധാർ കാർഡ് എടുത്ത് തുടർന്നും സബ്സിഡി വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ആധാർ കാർഡ് ലഭിക്കാത്തതും എന്നാൽ എൻറോൾ ചെയ്തിട്ടുള്ളതുമായ ഉപഭോക്താക്കൾ ആധാർ ലെറ്ററിന്റെ പ്രിന്റൗട്ട് നല്കിയാൽ മതിയാകും. 31.08.2013 വരെ സമയം അനുവദിച്ചിട്ടുള്ളതിനാൽ അതു വരെ ആധാർ കാർഡ് ലഭ്യമാക്കിയിട്ടില്ലാത്തവർക്കും സബ്സിഡി നിരക്കിലുള്ള സിലിണ്ടറുകൾ അനുവദിക്കുമെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് എണ്ണക്കമ്പനികൾക്ക് വേണ്ട നിർദ്ദേശം നൽകുമോ ?

(ഡി) ഇത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എല്ലാ എണ്ണക്കമ്പനികൾക്കും നല്കിയിട്ടുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ